"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം അനുവദിച്ച പ്രത്യേക വിഹിതം വകയിരുത്തി ഏറ്റെടുത്ത പ്രോജക്ടുകൾ 2020-21-ൽ സ്പിൽ ഓവർ പ്രൊജെക്ടുകളായി നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1219/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/06/2020

---

പരാമർശം:- 1 12.12.2019 -ലെ സ.ഉ.(സാധാ) നം.9823/2019/ധന

2 03.12.2019 -ലെ സ.ഉ (കൈ) നം. 170/2019/ത.സ്വ.ഭ.വ

3 17.02.2020 -ലെ സ.ഉ.(സാധാ) നം.400/2020/ ത.സ്വ.ഭ.വ

4 19.02.2020-ലെ സ.ഉ.(സാധാ) നം.1381/2020/ധന

**ഉത്തരവ്**

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും പ്രത്യേക വിഹിതം നൽകുന്നതിനുവേണ്ടി 2019-20-ലെ സംസ്ഥാന ബജറ്റിൽ വികസനഫണ്ട് വിഹിതത്തിൽ നിന്നും 250 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക പരാമർശം 1, 4 ഉത്തരവുകൾ പ്രകാരം അർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകുകയുണ്ടായി.

2. പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരാമർശം 2, 3 പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് തുക അനുവദിച്ചത് എന്നതിനാലും കോവിഡ് മഹാവ്യാധിയെ തുടർന്ന് മാർച്ച് പകുതിയോടെ ലോക് ഡൗൺ പ്രഖ്യാപിച്ചതിനാലും പ്രോജക്ടുകളുടെ അംഗീകാര നടപടികൾ പൂർത്തിയാക്കി നിർവഹണം നടത്തുന്നതിനും തുക വിനിയോഗി ക്കുന്നതിനും കഴിഞ്ഞിരുന്നില്ലെന്ന കാര്യം തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് .

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2019-20 സാമ്പത്തിക വർഷം അനുവദിച്ച പ്രത്യേക വിഹിതം വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ ഏറ്റെടുത്തതും നിർവഹണം പൂർത്തിയാകാത്തതുമായ പ്രോജക്ടുകൾ 2020-21-ൽ സ്പിൽ ഓവർ പ്രജക്ടുകളായി നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനു വേണ്ട വിഹിതം 2020-21-ലെ ബജറ്റ് വിഹിതത്തിനു ഉപരിയായി അനുവദിക്കുന്നതാണ്. 2019-20-ൽ അനുവദിച്ച വിഹിതത്തിൽ നിന്നും മാർച്ച് 31 വരെ ചെലവഴിച്ചത് കഴിച്ചുള്ള ബാക്കി തുക എന്ന പരിധിക്ക് വിധേയമായിട്ടായിരിക്കും അധിക തുക

അനുവദിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും മേയർമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.23 14:58:34 IST
Reason: Approved
സെക്ഷൻ ഓഫീസർ